പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

സർവ്വകലാശാലകളുടെ ഭരണം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1216 — 03.12.2015 ന് മറുപടി നൽകേണ്ടുന്നത്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ജെയിംസ് മാത്യു<br>ശ്രീ .എ.പ്രദീപ് കുമാർ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.എസ്.ശർമ്മ | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ അക്കാദമിക്-ഭരണരംഗത്ത് അരാജകത്വം നിലനിൽക്കുന്നതായുള്ള ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; വിശാലമായ അക്കാദമിക് വീക്ഷണവും നിശ്ചിതയോഗ്യതയുമില്ലാത്തവരെ വൈസ് ചാൻസലർമാരായി 'നിയമിച്ചതാണ്' ഈ അവസ്ഥയ്ക്ക് കാരണം എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | എ സംസ്ഥാനത്തെ സർവകലാശാലകളിൽ അരാജകത്വം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി | സർവ്വകലാശാലാ ചട്ടങ്ങൾ പരിഗണിക്കാതെ വൈസ്ചാൻസലർമാരും ഭരണ സമിതികളും തീരുമാനങ്ങളെടുക്കാറുണ്ടോ; എങ്കിൽ അത് തടയുന്നതിന് നടപടി സ്വീകരിക്കാത്തതെന്തുകൊണ്ടെന്ന് വിശദമാക്കുമോ ; | ബി ഇത്തരം പരാതികൾ ഗവൺമെന്റിന് ലഭിച്ചിട്ടില്ല. വൈസ് ചാൻസലർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ബഹു.ചാൻസലറിൽ നിക്ഷിപ്തമാണ്. |
| സി | വൈസ്ചാൻസലർമാരും പ്രൊ- വൈസ്ചാൻസലർമാരും ഉൾപ്പെടെ സർവ്വകലാശാലകളിലെ ഉന്നതർ വിജിലൻസ് കേസുകളിൽ പ്രതിചേർക്കപ്പെട്ടതുമായി ബന്ധപ്പെട്ട കേസുകളുടെ വിശദാംശം ലഭ്യമാക്കുമോ ; | സി കാലിക്കറ്റ് സർവകലാശാല മുൻ വൈസ് ചാൻസലർ, പ്രോ വൈസ് ചാൻസലർ എന്നിവർക്കെതിരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 14.05.2015 തീയതിയിലെ VC-21/2015 -ാം നമ്പർ എഫ്.ഐ.ആർ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

ഡി സര്‍വ്വകലാശാലകളിലെ വി.സി യും പി.വി.സി യും വിദേശയാത്ര നടത്തുമ്പോള്‍ മുന്‍കൂട്ടി അനുവാദം വാങ്ങണമെന്ന് ചട്ടം അനുശാസിക്കുന്നുണ്ടോ ; മഹാത്മാഗാന്ധി സര്‍വ്വകലാശാല പി.വി.സി ഈയടുത്തിടെ വിദേശ രാജ്യങ്ങളില്‍ സന്ദര്‍ശനം നടത്തിയതിന് മുന്‍കൂട്ടി അനുവാദം വാങ്ങിയിരുന്നോ ; വിശദമാക്കുമോ ; ഇവര്‍ ഭരണമുന്നണിയിലെ ഒരു രാഷ്ട്രീയ കക്ഷിയുടെ ആളാണെന്ന് പരസ്യമായി സ്വന്തം പ്രസംഗത്തിലൂടെ അവകാശപ്പെട്ടത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് വിശദീകരണമാരാഞ്ഞിരുന്നോ ?

ഡി സര്‍വ്വകലാശാലകളിലെ വി.സി യും പി.വി.സി യും വിദേശയാത്ര നടത്തുമ്പോള്‍ അനുമതി നല്‍കേണ്ടത് ബഹു.ചാന്‍സലറാണ്. മഹാത്മാഗാന്ധി സര്‍വ്വകലാശാല പി.വി.സി ഈയടുത്തിടെ വിദേശ രാജ്യങ്ങളില്‍ സന്ദര്‍ശനം നടത്തിയതിന് അനുമതി നല്‍കേണ്ടത് ബഹു.ചാന്‍സലറാണ്. ഇവര്‍ ഭരണമുന്നണിയിലെ ഒരു രാഷ്ട്രീയ കക്ഷിയുടെ ആളാണെന്ന് പരസ്യമായി സ്വന്തം പ്രസംഗത്തിലൂടെ അവകാശപ്പെട്ടത് ശ്രദ്ധയില്‍പ്പെട്ടിരുന്നു. ഇതു സംബന്ധിച്ച നടപടികള്‍ സ്വീകരിക്കുന്നതിനുള്ള അധികാരം ബഹു.ചാന്‍സലറില്‍ നിക്ഷിപ്തമാണ്.

സെക്ഷന്‍ ഓഫീസര്‍